
# കേരള സർവകലാശാലയിലെ ഹോസ്റ്റൽ അഡ്മിഷനുള്ള അപേക്ഷാ ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ


- കേരള സർവകലാശാലയുടെ (https://hostel.keralauniversity.ac.in) ഹോസ്റ്റൽ അഡ്മിഷനുള്ള രജിസ്ട്രേഷൻ ഫീസ് സർവകലാശാലയുടെ ഓൺലൈൻ പേമെന്റ് പോർട്ടൽ (https://pay.keralauniversity.ac.in) വഴി ഓൺലൈനായി അടയ്ക്കേണ്ടതാണ്.
- **ഹോസ്റ്റൽ അഡ്മിഷനു വേണ്ടിയുള്ള അപേക്ഷാ ഫീസ് ₹ 55/-**
- **ഓൺലൈനായി പണമടച്ച് കഴിഞ്ഞ് 30 മിനിട്ടിനു ശേഷം മാത്രമേ ഹോസ്റ്റൽ അഡ്മിഷനു വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടങ്ങാൻ പാടുള്ളൂ.**

## ഓൺലൈനായി പണമടയ്ക്കേണ്ടതിനായി

1. കേരള സർവകലാശാലയുടെ ഓൺലൈൻ പേമെന്റ് പോർട്ടൽ ഓപ്പൺ ചെയ്യുക (https://pay.keralauniversity.ac.in)
2. ഇപ്പോൾ ലഭിക്കുന്ന ഹോം പേജിൽ നിന്നും ഡിപ്പാർട്ട്മെന്റൽ റെമിറ്റൻസസ് (Departmental Remittances) എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക.





3. തുടർന്നു ലഭിക്കുന്ന പേജിൽ ഏതെങ്കിലും ഹോസ്റ്റൽ സെലക്ട് ചെയ്തതിനു ശേഷം അപേക്ഷകന്റെ വിവരങ്ങൾ തെറ്റു കൂടാതെ നൽകുക. ഇവിടെ അപേക്ഷകന്റെ ഫോൺ നമ്പറും ഇ-മെയിൽ അഡ്രസ്സും തന്നെ കൊടുക്കുന്നതിന് ശ്രദ്ധിക്കുക. അതിനു ശേഷം Next Step >> എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക





4. അതിനു ശേഷം ലഭിക്കുന്ന പേജിൽ **Purpose** എന്നതിൽ നിന്നും **Cost of Application for Admission** എന്നത് സെലക്ട് ചെയ്യുക. Fee Amount -ഉം മറ്റു വിവരങ്ങളും തെറ്റുകൂടാതെ നൽകുക. തുടർന്ന് 

എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.



5. തുടർന്ന് ലഭിക്കുന്ന പേജിൽ നിന്നും Make Online Payment എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക




ഇത്രയും ചെയ്തുകഴിയുമ്പോൾ ഓൺലൈൻ പേമെന്റ് നടത്തുന്നതിനുള്ള പേജ് ലഭിക്കും. നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് തുടങ്ങിയ ഏതെങ്കിലും സംവിധാനം ഉപയോഗിച്ച് പേമെന്റ് നടത്തുക.

ഓൺലൈൻ പേമെന്റ് ചെയ്ത ശേഷം ലഭിക്കുന്ന പേമെന്റ് വിവരങ്ങൾ അടങ്ങിയ റസീപ്റ്റ് പ്രിന്റ് എടുത്തു സൂക്ഷിക്കുക. ഹോസ്റ്റൽ അഡ്മിഷനുള്ള ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്ന സമയം ഈ വിവരങ്ങൾ അവിടെ നൽകേണ്ടതാണ്.

**ഓൺലൈൻ പേമെന്റ് പൂർത്തിയാക്കി അരമണിക്കൂറിനു ശേഷം മാത്രം ഹോസ്റ്റൽ അഡ്മിഷനുള്ള ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങുക.**